**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 920** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജകമണ്ഡലത്തിലെ കുടുവീട്ടുകടവ് പാലം, ആയയിൽ മുള്ളറവിള പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായിട്ടും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പാറശ്ശാല നിയോജകമണ്ഡലത്തിലെ കുടുവീട്ടിൽക്കടവ്, അയയിൽ മുള്ളറവിള പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ ചെയ്യുകയും യഥാക്രമം ജാസ്മിൻ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, SERMS എന്നീ കരാറുകാരുടെ അടങ്കൽതുക 27/05/2025 ൽ കൂടിയ ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. എന്നാൽ കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം PFMS portal- ലെ (PED)Project Execution Document ന് അംഗീകാരം ലഭ്യമാകാത്തതിനാൽ ടി കരാറുകാർക്ക് LoA നൽകുവാൻ സാധിച്ചില്ല. PED approval ലഭിച്ചത് 01/08/2025 നം 02/02/2026 തീയതികളിലുമാണ്. എന്നാൽ ടി അവസരത്തിൽ കരാറുകാർ Firm period നീട്ടി നൽകാൻ തയ്യാറാകാത്തതിനാൽ LoA നൽകുവാൻ കഴിയാതെ വരുകയും കൂടാതെ rate revision പ്രാബല്യത്തിൽ വന്നതിനാൽ പുതുക്കിയ rate ൽ റീടെൻഡർ ചെയ്യുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു. കിഫ്ബി പദ്ധതികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും തുടർനിർദ്ദേശം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കുടുവീട്ടിൽക്കടവ് പാലത്തിന് പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനായി അധിക സാമ്പത്തിക അനുമതിക്കുള്ള അനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് റീ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത അയയിൽ മുള്ളറവിള പാലം ആദ്യത്തെ ടെണ്ടറിൽ zero bid ആണ് ലഭിച്ചത് . ടി വർക്കിന്റെ റീ ടെണ്ടർ നടപടികൾ സർക്കാരിൽ നിന്ന് മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

**(ബി)** എഫ്.ഡി.ആർ. സാങ്കേതികവിദ്യ വിനിയോഗിച്ച് നവീകരിക്കുന്ന കീഴാറൂർ - പശുവണ്ണറ റോഡ്, ചൂണ്ടിക്കൽ - ശൂരവക്കാണി റോഡ് എന്നിവയുടെ നിലവിലെ ഭൗതിക - സാമ്പത്തിക നിർമ്മാണ പുരോഗതി എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

| <u>പ്രവർത്തിയുടെ പേര്</u> | <u>ഭൗതിക പുരോഗതി</u> | <u>സാമ്പത്തിക പുരോഗതി</u> |
|---|---|---|

| | | |
|---|---|---|
| ചൂണ്ടിക്കൽ-കുട്ടപ്പു-ശൂരവക്കാണി റോഡ് | 60% | 53% |
| കീഴാറൂർ-അരുവിക്കര റോഡ് | 70% | 55% |

**(സി)** പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളും നിലവിൽ പൂർണ്ണമായി നിർവ്വഹിച്ചിട്ടുണ്ടോ; ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ എന്നിവ വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത റോഡ് നിർമ്മാണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്ന് യാതൊരു പ്രവൃത്തിയും ഒഴിവാക്കിയിട്ടില്ലാത്തതാകുന്നു. ബാലൻസ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ് .

**(ഡി)** ഈ റോഡുകളിൽ ഉൾപ്പെട്ട കൾവർട്ടുകൾ, ഓവുചാലുകൾ, പാർശ്വഭിത്തികൾ എന്നിവയുടെ നിർമ്മാണം അനാവശ്യമായി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത റോഡ് നിർമ്മാണത്തിൽ ഉൾപ്പെടുന്ന കൾവർട്ടുകളുടെയും അനുബന്ധ കോൺക്രീറ്റ് നിർമ്മിതികളുടെയും നിർമ്മാണം പൂർത്തിയാക്കാൻ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു .

**(ഇ)** ചൂണ്ടിക്കൽ - ശൂരവക്കാണി റോഡിന്റെ ഭാഗമായുള്ള മരപ്പാലത്തിന്റെ പുനർനിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** ചൂണ്ടിക്കൽ-ശൂരവക്കാണി റോഡ് നിർമ്മാണത്തിന്റെ ഭാഗമായി മരപ്പാലത്തിന്റെ പുനർനിർമ്മാണവും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയുള്ളതാകുന്നു. പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു .

**സെക്ഷൻ ഓഫീസർ**